**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1335** 21.03.2012 ലെ മറുപടിക്ക്

**നെടുങ്ങോലം രാമറാവു ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജി. എസ്. ജയലാൽ** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ ചുമതലയിൽ നീതി മെഡിക്കൽ സ്റ്റോറുകൾ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെ യൊക്കെ ആണെന്ന് അറിയിക്കുമോ; | എ) | ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും അതത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുഖേന നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ യോഗ്യമായ അപേക്ഷകൾ ലഭിക്കുന്നവ പരിശോധിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. നീതി മെഡിക്കൽ സ്റ്റോറുകൾ പുതുതായി ആരംഭിക്കുവാൻ പ്രത്യേകം സ്ഥലങ്ങൾ നിജപ്പെടുത്തി നൽകിയിട്ടില്ലാത്തതിനാൽ, അപേക്ഷകൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അനുവാദം നൽകുന്നത്. |
| ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ പുതുതായി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br>സി) ഇല്ലെങ്കിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ നൽകിയാൽ പ്രസ്തുത ആശുപത്രിയിൽ മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ കഴിയുമെന്നതുൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കുമോ? | ബി) യും സി) യും | നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് താൽപ്പര്യമുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നെടുങ്ങോലം രാമറാവു ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യം ആശുപത്രി അധികൃതരിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്ന പക്ഷം നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ